# പതിനഞ്ചാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2024 ഒക്ടോബർ 7, തിങ്കൾ

**നമ്പർ 152**

രാവിലെ 09.00 മണിക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ 4 ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

ചരമോപചാരം :

മുൻ മന്ത്രി കെ. കുട്ടി അഹമ്മദ് കുട്ടി, മുൻ ലോക് സഭാംഗം എം. എം. ലോറൻസ്, മുൻ എം.എൽ.എ. കെ. പി. കുഞ്ഞിക്കണ്ണൻ, സി.പി.ഐ.(എം.) ജനറൽ സെക്രട്ടറിയും മുൻ രാജ്യസഭാംഗവുമായ സീതാറാം യെച്ചൂരി എന്നിവരുടെ നിര്യാണം സംബന്ധിച്ച് സ്പീക്കർ റഫറൻസ് നടത്തി. പരേതരോടുള്ള ആദരസൂചകമായി അംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.

ചെയർപേഴ്സൺമാരുടെ പാനൽ :

നടപ്പുസമ്മേളനത്തിലെ ചെയർപേഴ്സൺമാരുടെ പാനലിലേക്ക് താഴെപ്പറയുന്ന അംഗങ്ങളെ നാമനിർദ്ദേശം ചെയ്തു.

1. ശ്രീ. ടി. ഐ. മധുസൂദനൻ
2. ശ്രീ. യു. എ. ലത്തീഫ്
3. ശ്രീ. ഇ. കെ. വിജയൻ

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം :

കേരളത്തിൽ, പ്രത്യേകിച്ച് മലപ്പുറം ജില്ലയിൽ സ്വർണ്ണക്കടത്തിലൂടെയും ഹവാല ഇടപാടുകളിലൂടെയും പണം എത്തുന്നതായും ആയത് ദേശവിരുദ്ധ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കപ്പെടുന്നതായും ദേശീയ മാധ്യമങ്ങൾ നിരന്തരം റിപ്പോർട്ട് ചെയ്യുന്നത് മൂലം

സംസ്ഥാനത്തിന് അപമാനകരമായ സാഹചര്യം സൃഷ്ടിച്ചിരിക്കുന്നതായി പറയപ്പെടുന്ന വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. സണ്ണി ജോസഫും മറ്റ് അഞ്ച് അംഗങ്ങളും സഭാ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. ഉപക്ഷേപം ചർച്ചയ്ക്കെടുക്കാൻ മുഖ്യമന്ത്രി സന്നദ്ധത പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉപക്ഷേപം ഉച്ചയ്ക്ക് 12.00 മണിയ്ക്ക് ചർച്ചയ്ക്കെടുക്കുന്നതാണെന്ന് സ്പീക്കർ സഭയെ അറിയിച്ചു.

അംഗങ്ങൾ നൽകിയ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളായി അനുവദിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭയിൽ ബഹളം തുടർന്നു.

<u>ശ്രദ്ധ ക്ഷണിക്കൽ</u> :

(1) സ്വകാര്യ കമ്പനിയിലെ ജീവനക്കാരി അന്ന സെബാസ്റ്റ്യന്റെ മരണം സംബന്ധിച്ചും സ്വകാര്യ കമ്പനികളിലെ തൊഴിൽ നിയമങ്ങൾ പാലിക്കാതെയുള്ള അമിത ജോലിഭാരം, പിരിച്ചുവിടൽ ഭീഷണി, തൊഴിലവകാശങ്ങൾ നിഷേധിക്കൽ എന്നിവ സംബന്ധിച്ചും നിഷ്പക്ഷമായി അന്വേഷിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. പി. പി. ചിത്തരഞ്ജൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) പ്രതിപക്ഷകക്ഷി അംഗങ്ങൾ ബഹളം തുടർന്നതിനാൽ കാര്യവിവര പട്ടികയിലെ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീമതി ശാന്തകുമാരി കെ. | കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രൊജക്ടിന് കീഴിലുള്ള ദേവപ്പാറ കരിങ്കൽ ക്വാറിയുടെ പ്രവർത്തനം | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 2. | ശ്രീ. സി.എച്ച്. കുഞ്ഞമ്പു | വൈദ്യുതി പ്രസരണ രംഗത്ത് കാസറഗോഡ് ജില്ല നേരിടുന്ന പ്രശ്നങ്ങൾ | ബഹു. വൈദ്യുതി വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 3. | ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ | എടത്തിരുത്തി ഉപ്പുതുരുത്തി പാലത്തിനും ആറാട്ടുവഴി പാലത്തിനും ഭരണാനുമതി | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 4. | ശ്രീ. കെ. എൻ. ഉണ്ണി കൃഷ്ണൻ | ഗോശ്രീ പാലങ്ങൾക്ക് സമാന്തരമായുള്ള പാലത്തിന്റെയും എളങ്കുന്നപ്പുഴ - പൂക്കാട് - കണ്ടെയ്നർ റോഡ് പാലത്തിന്റെയും നിർമ്മാണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 5. | ശ്രീ. പി.പി. സുമോദ് | കെൽപ്പാമിനു കീഴിൽ കല്ലേപ്പുള്ളിയിലുള്ള മോഡേൺ റൈസ് മില്ലിന്റെ പ്രവർത്തനം | ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രി |
| 6. | ശ്രീ. ജോബ് മൈക്കിൾ | പക്ഷിപ്പനി നിയന്ത്രണത്തിന്റെ ഭാഗമായുള്ള നിരോധനം നീക്കുന്നതിന് നടപടി | ബഹു. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി |
| 7. | ശ്രീ. പി. മമ്മിക്കുട്ടി | ഐക്കോൺസിന്റെ (ICCONS) പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി | ബഹു. ആരോഗ്യ വനിത-ശിശുവികസന വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന മേശപ്പുറത്ത് വച്ചു.

<u>മേശപ്പുറത്ത വച്ച കടലാസ്സുകൾ :</u>

ദി കേരള ടാക്സേഷൻ ലോസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2024 (2024-ലെ 2-ാം ഓർഡിനൻസ്) ബഹു. ധനകാര്യ വകുപ്പുമന്ത്രിക്ക വേണ്ടി ബഹു. തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് മേശപ്പുറത്ത് വച്ചു.

റിപ്പോർട്ടുകളുടെ സമർപ്പണം

(i) കാര്യോപദേശക സമിതിയുടെ 14-ാമത് റിപ്പോർട്ട് മുഖ്യമന്ത്രി സമർപ്പിച്ചു.

(ii) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 53 മുതൽ 57 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ 14-ാമത് റിപ്പോർട്ടിൽ പരിഗണനയ്ക്കെടുക്കണമെന്ന് ശിപാർശ ചെയ്തിരുന്ന 2022-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒഴിവാക്കേണ്ടതാണെന്ന മുഖ്യമന്ത്രി അവതരിപ്പിച്ച ഭേദഗതി യോടെ കാര്യോപദേശക സമിതിയുടെ 14-ാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു

നിയമനിർമ്മാണ കാര്യം :

(i) 2024-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും :

മുഖ്യമന്ത്രിയ്ക്കു വേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് 2024-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ അവതരിപ്പിക്കുകയും പ്രസ്തുത ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുകയും ചെയ്തു. ഭേദഗതികൾ കൂടാതെ ഉപക്ഷേപം സഭ അംഗീകരിക്കുകയും ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2024 ഒക്ടോബർ 8- ാം തീയതി, ചൊവ്വാഴ്ച രാവിലെ 09.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 10.39- ന് സഭ പിരിഞ്ഞു.

(ബഹളം മൂലം നടപടികൾ പൂർത്തിയാക്കി സഭ രാവിലെ 10.39-ന് പിരിഞ്ഞതിനാൽ ഉച്ചയ്ക്ക് 12.00 മണിക്ക് ചർച്ചയ്ക്ക് നിശ്ചയിച്ചിരുന്ന നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം അവതരിപ്പിക്കപ്പെട്ടില്ല.)

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി.*

**FIFTEENTH KERALA LEGISLATIVE ASSEMBLY**

Twelfth Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, October 7, 2024*

**English Version**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Obituary :*

The Speaker made reference on the demise of K. Kutty Ahamed Kutty, former Minister, K. P. Kunhikannan, former Member of the House, M. M. Lawrence, former Lok Sabha Member and Sitaram Yechuri, CPI(M) General Secretary and former Rajya Sabha Member. As a mark of respect to the deceased, the members stood in silence for a while.

*Panel of Chairpersons :*

The following Members were nominated to the Panel of Chairpersons for the current Session of the Assembly.

1. Shri T. I. Madhusoodanan

2. Shri U. A. Lathif

3. Shri E. K. Vijayan

*Adjournment Motion:*

The Speaker informed the House that Shri Sunny Joseph and five other Members had given a notice for moving an adjournment motion regarding the serious situation of humiliation to the State of Kerala due to the persistent national

media reporting on the illicit money inflows through gold smuggling and hawala transactions in Kerala, especially in Malappuram District, which is used for anti-national activities. As the Chief Minister expressed willingness to discuss the motion, the Speaker granted permission to move the adjournment motion and announced that the motion would be taken up at 12.00 noon.

There was an uproar in the congregation by the opposition members for amenting their questions as unstarred instead of starred ones.

*Calling Attention :*

1. Shri P. P. Chithtaranjan invited the Chief Minister's attention regarding the death of Anna Sebastian, an employee of a private company, excessive workload, threats of dismissal and denial of employment rights in private companies without complying with labor laws. The Chief Minister made a statement in this regard.
2. The second calling attention in the List of Business was not presented as the opposition party members continued to clamor.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീമതി ശാന്തകുമാരി കെ. | കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന് കീഴിലുള്ള ദേവപ്പാറ കരിങ്കൽ ക്വാറിയുടെ പ്രവർത്തനം | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 2. | ശ്രീ. സി. എച്ച്. കുഞ്ഞമ്പു | വൈദ്യുതി പ്രസരണ രംഗത്ത് കാസറഗോഡ് ജില്ല നേരിടുന്ന പ്രശ്നങ്ങൾ | ബഹു. വൈദ്യുതി വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 3. | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | എടത്തിരുത്തി ഉപ്പുതുരുത്തി പാലത്തിനും ആറാട്ടുവഴി പാലത്തിനും ഭരണാനുമതി | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 4. | ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ | ഗോശ്രീ പാലങ്ങൾക്ക് സമാന്തരമായുള്ള പാലത്തിന്റെയും എളങ്കുന്നപ്പുഴ – പൂക്കാട് - കണ്ടെയ്നർ റോഡ് പാലത്തിന്റെയും നിർമ്മാണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 5. | ശ്രീ. പി. പി. സുമോദ് | കെൽപ്പാമിനു കീഴിൽ കല്ലേപ്പുള്ളിയിലുള്ള മോഡേൺ റൈസ് മില്ലിന്റെ പ്രവർത്തനം | ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി |
| 6. | ശ്രീ. ജോബ് മൈക്കിൾ | പക്ഷിപ്പനി നിയന്ത്രണത്തിന്റെ ഭാഗമായുള്ള നിരോധനം നീക്കുന്നതിന് നടപടി | ബഹു. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി |
| 7. | ശ്രീ. പി. മമ്മിക്കുട്ടി | ഐക്കോൺസിന്റെ (ICCONS) പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി | ബഹു. ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |

The ministers tabled the statement regarding the respective issues.

*Papers laid on the table :*

For the Minister for Finance, the Minister of Local Self Government, Excise and Parliamentary affairs Shri M. B. Rajesh laid The Kerala Taxation Laws (Amendment) Ordinance, 2024 (Ordinance No. 2 of 2024) on the Table.

*Presentation of Reports :*

i) The Fourteenth report of the Business Advisory Committee was presented.

ii) The Fifty Third to Fifty Seventh reports of the Committee on Local Fund Accounts were presented.

*Consideration of Reports :*

The House adopted the Fourteenth report of the Business Advisory Committee with the amendment moved by the Chief Minister that the recommendation regarding the consideration of Payment of Salaries and Allowances (Amendment) Bill, 2022 in the Fourteenth report of the Business Advisory Committee be omitted.

*Legislative Business :*

i) Introduction and further stages of The Kerala Public Service Commission (Additional functions as respects Certain Corporations and Companies) Amendment Bill, 2024

For the Chief Minister, the Minister for Law, Industries and Coir Shri P. Rajeeve introduced The Kerala Public Service Commission (Additional functions as respects Certain Corporations and Companies) Amendment Bill, 2024 and moved the motion that the Bill be referred to Subject Committee XIV on Home Affairs. Without any amendments, the House accepted the motion and sent the bill to Subject Committee XIV on Home Affairs.

The House adjourned at 10.39 a.m. to meet again at 9.00 a.m. on Tuesday, October 8, 2024.

(Adjournment Motion scheduled at 12.00 p.m. was not moved as the proceedings were completed and the House adjourned at 10.39 a.m. due to the uproar.)

DR. N. KRISHNA KUMAR,
*Secretary.*